**19U666S** (Pages: 2) Name: …………………….

Reg. No…………………...

**SIXTH SEMESTER B.A. DEGREE EXAMINATION, APRIL 2022**

(CUCBCSS-UG)

**CC15U MAL6 B11 - മലയാള കവിത പൂർവഘട്ടം**

(Malayalam - Core Course)

(2016 to 2018 Admissions - Supplementary/ Improvement)

Time: Three Hours Maximum: 80 Marks

**I. എല്ലാചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരം എഴുതുക (അര മാർക്ക് വീതം)**

1. രാമചരിതത്തിൽ എത്ര പടലങ്ങളുണ്ട്?
2. തിരുവാറന്മുള ക്ഷേത്രത്തിൽ മലയർ അർപ്പിക്കുന്നബലിയെ വർണ്ണിക്കുന്ന കൃതി?
3. പാട്ടുസാഹിത്യത്തിന്റെ രണ്ടാംഘട്ടകൃതികളെ പറയുന്ന പേരെന്ത്?
4. എഴുത്തച്ഛന്റെ ജീവിതകാലമായി കണക്കാക്കപ്പെടുന്നത് ഏതു നൂറ്റാണ്ടാണ്?
5. വഞ്ചിപ്പാട്ട് വൃത്തം?
6. തിരുനിഴൽമാല എന്ന കൃതി കണ്ടെത്തി പ്രസിദ്ധീകരിച്ചത് ആര്?
7. സംസ്കൃതത്തിലെ ആദ്യസന്ദേശകാവ്യം?
8. പാട്ടിന് ലക്ഷണനിർണ്ണയം നടത്തിയിരിക്കുന്ന കൃതി?
9. പ്രാചീനമണിപ്രവാളത്തിലെ ആദ്യകൃതിയായി കരുതപ്പെടുന്നത്?
10. കൃഷ്ണഗാഥ എഴുതാൻ ഉപയോഗിച്ച വൃത്തം?

**(10 × ½ = 5 Marks)**

**II. ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. (2 മാർക്ക് വീതം)**

11. ഏതെങ്കിലും നാല് പാന കൃതികളുടെ പേരെഴുതുക?
12. മണിപ്രവാളലക്ഷണം എഴുതുക.
13. 'പിന്നെയും പിന്നെയും ചൊല്ലുവിനെന്നോടു
    നന്ദനനെന്നുള്ള നാമമിന്നും' സന്ദർഭമെന്ത്?
14. മതിപ്പാനും കൊടുപ്പാനും തന്നെ ഞാനിന്നൊന്നുകൊണ്ടും
    മതിയാകയില്ലെന്നായി വന്നിരിക്കുന്നു ... സന്ദർഭമേത്?

15. മറ്റ് സന്ദേശകാവ്യങ്ങളിൽ നിന്നും ഉണ്ണുനീലിസന്ദേശത്തെ വ്യത്യസ്തമാക്കുന്നതെന്ത്?

**(5 × 2 = 10 Marks)**

**III. ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഖണ്ഡിക രൂപത്തിൽ ഉത്തരമെഴുതുക. (5 മാർക്ക് വീതം)**

16. കുചേലവൃത്തം വഞ്ചിപ്പാട്ടിന് ഒരു ആസ്വാദനം തയ്യാറാക്കുക.
17. "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
    വേഗേന നഷ്ടമാമായുസ്സുമോർക്ക നീ
    വഹ്നി സന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
    സന്നിഭം മർത്ത്യജൻമം ക്ഷണഭംഗുരം " ആശയം വിശദമാക്കുക.
18. കാളം പോലെ കുസുമ ധനുഷോ ഹന്ത പൂങ്കോഴി കൂകീ,
    ചോളം പോലേ ചിതറിവിളറീ താരകാണാം നികായം
    താളംപോലേ പുലരി വനിതയ്ക്കാഗതൌ ചന്ദ്ര സൂര്യ,
    നാളം പോലേ നളിന കുഹരാദുൽഗതാ ഭൃഗ രാജി: - ആശയം വിശദമാക്കുക.
19. ചരിത്രവിദ്യാർത്ഥികൾക്ക് ഉണ്ണുനീലിസന്ദേശം വിലപ്പെട്ടകുന്നത് എന്തുകൊണ്ട്?
20. പച്ചമലയാളപ്രസ്ഥാനത്തിൻറെ സവിശേഷതകൾ എന്തെല്ലാം?
21. പാട്ടിന്റെ ലക്ഷണം എഴുതി വിശദീകരിക്കുക?
22. വ്യത്യസ്തസ്വഭാവക്കാരായ മനുഷ്യരെ പൂന്താനം അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

**(5 × 5 = 25 Marks)**

**IV. ഏതെങ്കിലും 4 ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. (10 മാർക്ക് വീതം)**

23. ജനിമൃതികൾക്കിടയിലെ ഒരു ഇടവേള മാത്രമാണ് മനുഷ്യജീവിതം.
    ജ്ഞാനപ്പാന എന്ന കൃതിയിലെ സാമൂഹ്യവിമർശനം ചർച്ചചെയ്യുക.
24. കാൽപനികതയുടെ ആദ്യഅടയാളങ്ങൾ കുചേലവൃത്തം വഞ്ചിപ്പാട്ടിലുണ്ട്. ചർച്ച ചെയ്യുക.

25. മലയാളസാഹിത്യത്തിൽ മണിപ്രവാള പ്രസ്ഥാനത്തിനുള്ള പ്രാധാന്യം ഉണ്ണുനീലസന്ദേശത്തെ മുൻനിർത്തി വിശദീകരിക്കുക.

26. ആദ്യത്തെ ശുദ്ധമലയാളകാവ്യം എന്ന ബഹുമതി കൃഷ്ണഗാഥയ്ക്ക് അവകാശപ്പെടാമോ. പരിശോധിക്കുക.

27. നളചരിതം ആട്ടക്കഥയിലെ ഭാഷയെ സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ വിലയിരുത്തുക.

28. എഴുത്തച്ഛൻ കവിതയിലൂടെ നിർവ്വഹിച്ച സാമൂഹ്യവിപ്ലവം എന്തെന്ന് വിലയിരുത്തുക.

**(4 × 10 = 40 Marks)**

*******